(ബി) പ്രസ്തുത കോളേജിൽ 1999-2000 അദ്ധ്യയന വർഷത്തിൽ ആരംഭിച്ച ബി. എസ്. സി. സ്റ്റാറ്റിസ്റ്റിക്സ് കോഴ്സ് പഠിപ്പിക്കാൻ എത്ര സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട് ;

(സി) കോഴ്സ് തുടങ്ങി 4 വർഷം കഴിഞ്ഞിട്ടും ആദ്യ ബാച്ച് പുറത്തിറങ്ങിയിട്ടും സ്റ്റാറ്റിസ്റ്റിക്സ് ലക്ചററുടെ ഒരു സ്ഥിരം തസ്തികപോലും ഈ കോളേജിൽ സൃഷ്ടിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത കോളേജിൽ സ്റ്റാറ്റിസ്റ്റിക്സിൽ ഒരു സ്ഥിരം ലക്ചറർ തസ്തിക സൃഷ്ടിക്കാനുള്ള ആവശ്യവുമായി കോളേജ് യൂണിയൻ ചെയർമാൻ സർക്കാരിനെ എതിർ കക്ഷിയാക്കിക്കൊണ്ട് ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത റിട്ട് ഹർജിയിലെ ഹൈക്കോടതി ഉത്തരവു പ്രകാരം എത്രയും പെട്ടെന്ന് ഹർജിക്കാരന്റെ നിവേദനം പരിഗണിച്ചുകൊണ്ട് പ്രസ്തുത കോളേജിൽ ഒരു സ്റ്റാറ്റിസ്റ്റിക്സ് ലക്ചററുടെ സ്ഥിരം തസ്തിക സൃഷ്ടിച്ച് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാല് ബിരുദ കോഴ്സുകൾ നിലവിലുണ്ട്.

(ബി) സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടില്ല. ഗസ്റ്റ് ലക്ചറർമാരെ നിയമിച്ചാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പാലക്കാട് വിക്ടോറിയ കോളേജിലെ ഒരു സ്റ്റാറ്റിസ്റ്റിക്സ് ലക്ചററുടെ തസ്തിക മഞ്ചേശ്വരം ഗവ:കോളേജിലേക്ക് മാറ്റിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന സ്കൂളുകൾ

117 (715) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളാണ് ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സ്കൂളുകൾ ഏവ ; ഏതൊക്കെ കോഴ്സുകളാണ് അവിടെ പഠിപ്പിച്ചുവരുന്നത് ;

(സി) എത്ര സ്കൂളുകൾക്കാണ് സ്വന്തമായി കെട്ടിടവും അനുബന്ധ സൗകര്യവും ഉള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ ഐ. എച്ച്. ആർ. ഡി. യുടെ കീഴിലുള്ള എത്ര സ്കൂളുകളിൽ അദ്ധ്യാപക രക്ഷാകർത്തൃ സംഘടനകൾ രൂപീകരിച്ചിട്ടുണ്ട് ;

(ഇ) മുഴുവൻ ഐ. എച്ച്. ആർ. ഡി. സ്കൂളുകളിലും അദ്ധ്യാപക രക്ഷാകർത്തൃ സംഘടനകൾ രൂപീകരിക്കുന്നതിന് ഏതൊക്കെ നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ 10 ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ജി. ഒ. (എംഎസ്.) 77/02/ഉവിവ, 10-7-2002 പ്രകാരം അനുമതി നൽകിയ 12 പുതിയ സ്കൂളുകളിൽ ഉത്തരവിലെ നിബന്ധനകൾ പാലിച്ച 6 സ്ഥലങ്ങളിൽ കൂടി ഇക്കൊല്ലം ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 1. കല്ലൂർ, എറണാകുളം

2. കപ്രാശ്ശേരി, ചെങ്ങനോട്

3. വാഴക്കാട്, മലപ്പുറം

4. മല്ലപ്പള്ളി, പത്തനംതിട്ട

5. വട്ടംകുളം, മലപ്പുറം

6. പുതുപ്പള്ളി, കോട്ടയം

7. മുട്ടം, തൊടുപുഴ

8. കുറ്റിക്കാനം, പീരുമേട്

9. കുടപ്പനക്കുന്ന്, തിരുവനന്തപുരം

10. പെരിന്തൽമണ്ണ, മലപ്പുറം

11. ആറ്റിങ്ങൽ, തിരുവനന്തപുരം

12. പള്ളിക്കൽ, അടൂർ പത്തനംതിട്ട

13. കൊടുവള്ളി, കോഴിക്കോട്

14. ചീക്കോട്, മലപ്പുറം

15. ആറൻമുള, പത്തനംതിട്ട

16. മാന്നാർ, ആലപ്പുഴ

മേൽപ്പറഞ്ഞ സ്കൂളുകളിൽ സെക്കണ്ടറി തലത്തിലും (8, 9, 10 ക്ലാസുകൾ) ഹയർ സെക്കണ്ടറി തലത്തിലും (11-12 ക്ലാസുകൾ) നടത്തുന്നുണ്ട്. ടെക്നിക്കൽ ഹയർ സെക്കണ്ടറി തലത്തിൽ സയൻസ് ഗ്രൂപ്പിലും ഇന്റഗ്രേറ്റഡ് സയൻസ് ഗ്രൂപ്പിലും കോഴ്സുകൾ നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള 16 സ്കൂളുകളിൽ 6 സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാണ്. മറ്റുള്ള എല്ലാ സ്കൂളുകൾക്കും സ്വന്തമായി കെട്ടിടമില്ലെങ്കിലും വാടക കെട്ടിടങ്ങൾ എടുത്ത് മറ്റ് അനുബന്ധ സൗകര്യങ്ങൾ എല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. സ്വന്തം കെട്ടിടം നിർമ്മിക്കാൻ വേണ്ട നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ഡി) ഐ. എച്ച്. ആർ. ഡി. യുടെ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക രക്ഷാകർത്തൃ സംഘടന നിലവിലില്ല.

(ഇ) ഐ. എച്ച്. ആർ. ഡി. യുടെ സ്കൂളുകളിൽ ആവശ്യമായ എല്ലാ ഭൗതിക സൗകര്യങ്ങളും യഥാസമയം ഐ. എച്ച്. ആർ. ഡി. നേരിട്ട് ലഭ്യമാക്കുന്നതിനാൽ അത്തരമൊരു സംഘടന രൂപീകരിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

എൻ. ഒ. സി. ലഭ്യമായ ബി.എഡ്., ടി. ടി. ഐ. സ്ഥാപനങ്ങൾ

118 (716) ശ്രീ. പി. ടി. തോമസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞവർഷം എത്ര സ്വാശ്രയ ബി. എഡ്. കോളേജുകൾക്കും ടി. ടി. ഐ. കൾക്കും എൻ. ഒ. സി. നൽകി ;

(ബി) ഈ വർഷം എത്രയെണ്ണത്തിനു വീതം എൻ. ഒ. സി. നൽകാൻ ഉദ്ദേശിക്കുന്നു ;

(സി) ഇതോടെ സംസ്ഥാനത്ത് ഒട്ടാകെ എത്ര ബി. എഡ്., ടി. ടി. ഐ. സീറ്റുകളുണ്ടാകും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2001-ൽ ബി. എഡ്. കോളേജ് തുടങ്ങുന്നതിന് നൽകിയ എൻ. ഒ. സി. 10 സ്ഥാപനങ്ങൾക്ക് 2002-ൽ സ്ഥിരീകരിച്ചു നൽകിയിട്ടുണ്ട്. കൂടാതെ സെൽഫ് ഫിനാൻസിംഗ് ബി. എഡ്. കോളേജ് തുടങ്ങുന്നതിന് 291 സ്ഥാപനങ്ങൾക്ക് 2002-ൽ എൻ. ഒ. സി. നൽകിയെങ്കിലും ബഹു.ഹൈക്കോടതി സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. 220 സ്വാശ്രയ ടി. ടി. ഐ. തുടങ്ങുന്നതിനും കഴിഞ്ഞ വർഷം സർക്കാർ എൻ. ഒ. സി. നൽകിയിട്ടുണ്ട്.

(ബി) തീരുമാനമായിട്ടില്ല.

(സി) എൻ. ഒ. സി. നൽകിയ ടി. ടി. ഐ. സ്ഥാപനങ്ങൾക്ക് എൻ. സി. ടി. ഇ. യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കു മാത്രമേ സീറ്റുകളുടെ എണ്ണം നിജപ്പെടുത്താനാവൂ. ബി. എഡ്. കോഴ്സിന് മൊത്തത്തിൽ നിലവിൽ 11060 സീറ്റുകളുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly